

# സ്രഷ്ടാവായ ദൈവം

1

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.**

## പാഠം 4

# എല്ലാം ദൈവം നമുക്കുവേണ്ടി സൃഷ്ടിച്ചു





പഴങ്ങൾ

എന്നെ സ്നേഹിക്കുന്ന ദൈവം
എല്ലാം എനിക്കായി സൃഷ്ടിച്ചു



ആകാശം

എനിക്കു കാണാൻ,എനിക്ക് കേൾക്കാൻ,
എനിക്ക് തൊടാൻ, എനിക്ക് ഭക്ഷിക്കാൻ,
എനിക്ക് സ്നേഹിക്കാൻ,
ദൈവം എല്ലാം തന്നു.

പൂക്കൾ



മൃഗങ്ങൾ



# പാടാം പാടാം



സ്നേഹിക്കുന്നൊരു ദൈവത്തെ
കണ്ടീടും ഞാൻ സൃഷ്ടികളിൽ
നന്മകളെന്നിൽ നൽകിയൊരാ
ദൈവത്തെ ഞാൻ വാഴ്ത്തീടും.

# കൈകൾ കൂപ്പാം

എനിക്കായി എല്ലാം സൃഷ്ടിച്ച
ദൈവമേ, ഞാൻ അങ്ങയെ
സ്നേഹിക്കുന്നു.
എനിക്കു തന്ന എല്ലാ നന്മകൾക്കും
ഞാൻ അങ്ങേയ്ക്കു നന്ദി പറയുന്നു



# ഞാനും എന്റെ കൂട്ടുകാരനും / കൂട്ടുകാരിയും

ദൈവം എന്തെല്ലാം നമുക്കുവേണ്ടി സൃഷ്ടിച്ചു വെന്ന് അടുത്തിരിക്കുന്ന കുട്ടിയോടു പറയാമോ ?

കൂട്ടുകാരൻ / കൂട്ടുകാരി പറയുന്നതും ശ്രദ്ധിക്കണേ.

എന്റെ അപ്പനും അമ്മയും എന്നെ സ്നേഹിക്കുന്നു. എനിക്ക് ആവശ്യമുള്ളതെല്ലാം അവർ തരുന്നു





അപ്പനെക്കാളും അമ്മയെക്കാളും കൂടുതൽ
ദൈവം എന്നെ സ്നേഹിക്കുന്നു.
ദൈവം എല്ലാം എനിക്കുവേണ്ടി സൃഷ്ടിച്ചു.
ഞാൻ ദൈവത്തെ സ്നേഹിക്കണം.


ആകാശം
പക്ഷികൾ
മൃഗങ്ങൾ
സൂര്യൻ
ചന്ദ്രൻ
മത്സ്യങ്ങൾ
മരങ്ങൾ
പൂക്കൾ
പഴങ്ങൾ

# നമുക്കു പാടാം



നന്ദി ദൈവമേ നന്ദി ദൈവമേ

നിത്യവും നിത്യവും നന്ദി ദൈവമേ.

അങ്ങു തന്ന ദാനത്തിനായ് നന്ദിയേകിടാം

അങ്ങു തന്ന സ്നേഹത്തിനായ്
നന്ദിയേകിടാം

നന്മരൂപനേ നല്ല ദൈവമേ (നന്ദി... ...)

# മനഃപാഠമാക്കാം

‘പെററമ്മ മറന്നാലും
ഞാൻ നിന്നെ മറക്കുകയില്ല’.

ഏശയ്യ 49:15

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* ദൈവം എല്ലാം എനിക്കുവേണ്ടി സൃഷ്ടിച്ചു.

* അപ്പനും അമ്മയും മറന്നാലും ദൈവം എന്നെ മറക്കുകയില്ല.

* ഞാൻ ദൈവത്തെ സ്നേഹിക്കണം



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* പെററമ്മയേക്കാളധികമായി എന്നെ സ്നേഹിക്കുന്ന ദൈവത്തോടു സ്നേഹവും നന്ദിയും ഉണ്ടാകണം.

# സ്വന്തമാക്കേണ്ട ശീലങ്ങൾ



* ദൈവം എനിക്കു നൽകിയ നന്മകൾ അനുഭവിക്കുമ്പോൾ ഓരോ പ്രാവശ്യവും ഇത് എനിക്കു നൽകിയ ദൈവമേ നന്ദി എന്നു ഞാൻ പറയും.


THANK
YOU